**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്- പാലക്കാട് ജില്ലയിലെ വിളിയൂർ പഞ്ചായത്താഫീസിലെ റിട്ട.ക്ലാർക്ക് ശ്രീമതി ഇന്ദിര.പി-യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം. 877/2017/തസ്വഭവ തീയതി,തിരുവനന്തപുരം,25/03/2017

---

പരാമർശം :
1. സ.ഉ (കൈ)നം. 224/2014/തസ്വഭവ തീയതി 12.12.2014.
2. സ.ഉ (സാധാ)നം. 161/2016/തസ്വഭവ തീയതി 29.01.2016.
3. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 24.10.2016-ലെ ഇ 2-12208/13 നമ്പർ നടപടിക്രമം.
4. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 31.12.2014 ലെ ഇ 2-8063/13 നമ്പർ നടപടിക്രമം.
5. പഞ്ചായത്ത് ഡയറക്ടറുടെ 26.12.2016 ലെ ഇ 6-11342/12 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ വിളിയൂർ പഞ്ചായത്താഫീസിലെ റിട്ട. ക്ലാർക്ക് ശ്രീമതി. ഇന്ദിര.പി-യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം അപേക്ഷ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. പാലക്കാട് ജില്ലയിലെ വിളിയൂർ പഞ്ചായത്താഫീസിലെ റിട്ട. ക്ലാർക്ക് ശ്രീമതി ഇന്ദിര.പി യ്ക്ക് 01.01.2005 പൂർവ്വാഹത്തിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ സ്ഥാനകയറ്റം ലഭിച്ചു. തുടർന്ന് ക്ലാർക്ക് തസ്തികയിലെ നിയമനം ക്രമവല്ക്കരിയ്ക്കുകയും, നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ ടിയാൾക്ക് പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (3) പ്രകാരം 01.01.2007 മുതൽ ഒരു വർഷത്തേക്ക് പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. 29.02.2016 ൽ ടിയാൻ സേവനത്തിൽ നിന്ന് സ്വമേധയാ വിരമിച്ചു. ടിയാൾക്ക് 50 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ 29.05.2014 തീയതി പ്രാബല്യത്തിൽ ടിയാളെ നിർബന്ധിത വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കി പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി

ഡയറക്ടറുടെ പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. ടിയാളുടെ പേരിൽ വിജലൻസ് കേസോ വകുപ്പ്തല അച്ചടക്ക നടപടിയോ നിലവിലില്ലായെന്നും ടിയാൾക്ക് എസ് എസ് എൽ സി യോഗ്യത ഇല്ലാത്തതിനാൽ പരാമർശം (4) ഉത്തരവ് തീയതിയുടെ തൊട്ടടുത്ത ദിവസമായ 01.01.2015 പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിനായി പ്രൊബേൻ കാലാവധി 02.01.2015 വരെ ദീർഘിപ്പിച്ച് നല്കണമെന്നാണ് പഞ്ചായത്ത് ഡയറക്ടർ അപേക്ഷിച്ചിരിയ്ക്കുന്നത്.

3. പരാമർശം (1) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുണ്ടായിരുന്ന special qualification test, obligatory department test ആക്കി മാറ്റിയതിനാൽ പ്രസ്തുത തീയതി പ്രാബല്യത്തിൽ മാത്രമേ ശ്രീമതി ഇന്ദിര.പി യ്ക്ക് KS&SSR part 2, Rule 13 B യുടെ ആനുകൂല്യം നല്കാൻ സാധിയ്ക്കുകയുള്ളൂ

4. മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ വിളിയൂർ പഞ്ചായത്താഫീസിലെ റിട്ട.ക്ലാർക്ക് ശ്രീമതി ഇന്ദിര.പി യ്ക്ക് 50 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (2) ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി കെ.എസ്& എസ്എസ്.ആർ പാർട്ട് 2 റൂൾ 13 ബി പ്രകാരം 13.12.2014 FN തീയതി പ്രാബല്യത്തിൽ ക്ലാർക്ക് തസ്തികയിലെ ടിയാളുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നതിനായി പ്രൊബേഷൻ കാലാവധി 14.12.2014 AN വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**വി.പി. ശ്രീജിത്ത്**
**ഗവ. അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം(സേവനപുസ്തകം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
സെക്രട്ടറി, വിളിയൂർ ഗ്രാമപഞ്ചായത്ത് പാലക്കാട്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
ഉദ്യാഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ( 03/03/2017 ലെ ADV-B2/92/2016/ഉഭപവ നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ).
വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഫയൽ നമ്പർ 8/ഇപിഎ 1/17/തസ്വഭവ)

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ